5. സ്റ്റാച്യൂ മരിക്കാർ ബിൽഡിംഗ്

7. സെക്രട്ടേറിയറ്റ് മെയിൻഗേറ്റ്

8. ഓവർ ബ്രിഡ്ജ്

9. പഴവങ്ങാടി

10. ഗാന്ധി പാർക്ക്

11. തമ്പാനൂർ ബസ് സ്റ്റാന്റ്

12. തമ്പാനൂർ റെയിൽവെ സ്റ്റേഷൻ എന്നീ സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

കൊച്ചി സിറ്റിയിൽ-തേവര ജംഗ്ഷൻ, പള്ളിമുക്ക് ജംഗ്ഷൻ, ജോസ് ജംഗ്ഷൻ, ഡി.സി.സി. ജംഗ്ഷൻ, ഹൈക്കോടതി ജംഗ്ഷൻ, മേനക ജംഗ്ഷൻ, വളഞ്ഞമ്പലം ജംഗ്ഷൻ, മനോരമ ജംഗ്ഷൻ, കടവന്ത്ര ജംഗ്ഷൻ, കണയന്നൂർ താലൂക്കാഫീസ്, കച്ചേരിപ്പടി ജംഗ്ഷൻ, ടൗൺഹാൾ ജംഗ്ഷൻ, ജഡ്ജസ് അവന്യൂ, സൗത്ത് റയിൽവെ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻറ് എന്നീ 15 സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

കോഴിക്കോട് സിറ്റിയിൽ- മാവൂർ റോഡ് ജംഗ്ഷൻ, ബി.ഇ.എം. ജംഗ്ഷൻ, എൽ.ഐ.സി. കോർണർ ജംഗ്ഷൻ എന്നീ 3 സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ട്രാഫിക് നിയമം തെറ്റിക്കുന്നതിന് ഡ്രൈവർമാരിൽ നിന്നാണ് പിഴ ഈടാക്കി വരുന്നത്. ഡ്രൈവർമാർ പിഴ അടയ്ക്കാതെ സാഹചര്യത്തിൽ മാത്രമാണ് ഉടമകളിൽനിന്നും പിഴ ഈടാക്കുന്നത്.

ക്യാമറകൾ സ്ഥാപിച്ചതിനുശേഷം നടന്നിട്ടുള്ള ട്രാഫിക് നിയമലംഘനത്തിന്റെ വിശദാംശം

36(241) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രധാന ട്രാഫിക് ജംഗ്ഷനുകളിൽ എവിടെയെല്ലാമാണ് ഇപ്പോൾ നിയമലംഘനം കണ്ടെത്താൻ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഇതിന് മൊത്തം എത്ര തുക ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്നാണിവ സ്ഥാപിച്ചതെന്നും അവ പ്രവർത്തനക്ഷമമാണോ എന്നും ഏത് ഏജൻസിയാണ് സ്ഥാപിച്ചതെന്നും വിശദമാക്കുമോ ;

(സി) ഇവ സ്ഥാപിതമായശേഷം പ്രസ്തുത ജംഗ്ഷനുകളിൽ നടന്ന ട്രാഫിക് നിയമലംഘനങ്ങൾക്ക് ഇതുവരെ എത്ര വാഹന ഉടമകൾക്ക്/ ഡ്രൈവർമാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഡി) 2010 ഡിസംബർ മാസത്തിൽ പ്രസ്തുത ജംഗ്ഷനുകളിൽ നിയമ ലംഘനം നടത്തിയതിന് നടപടിക്ക് വിധേയമായ വാഹനങ്ങളുടെ നമ്പർ, ഇനം എന്നിവ ലഭ്യമാക്കുമോ ;

(ഇ) പുതിയ കോമ്പോ സംവിധാനം എവിടെയെല്ലാമാണ് ഏർപ്പെടുത്തുന്നതെന്നും ഒരു യൂണിറ്റിന് എത്ര തുക വേണ്ടി വരുമെന്നും വെളിപ്പെടുത്താമോ ;

(എഫ്) പഴയ ക്യാമറ സംവിധാനത്തിൽ മാറ്റം വരുത്താനുള്ള അടിയന്തര സാഹചര്യം വിശദമാക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഹെൽമെറ്റ് വേട്ടയ്ക്കിടെ കോഴിക്കോട് ഉണ്ടായ ക്രമസമാധാന പ്രശ്നങ്ങൾ

37(242) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽമെറ്റ് വേട്ടയ്ക്കിടെ കോഴിക്കോട് രണ്ട് വിദ്യാർത്ഥികൾ സഞ്ചരിച്ചിരുന്ന ബൈക്ക് ഓട്ടോറിക്ഷയുമായി കൂട്ടിമുട്ടിയുണ്ടായ അപകടത്തെ തുടർന്നുണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) അന്വേഷണ വിവരം വെളിപ്പെടുത്തുമോ ;

(സി) പോലീസിന്റെ അതിക്രമത്തിലും, കൂട്ടിയിടിമൂലമുള്ള അപകടത്തിലും എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട് ;

(ഡി) അപകടത്തെതുടർന്നുണ്ടായ ലാത്തിചാർജ്ജിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം നല്കുമോ ;

(ഇ) ഹെൽമെറ്റ് വേട്ടയുടെ പേരിൽ പോലീസ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ചും പൊതുജനങ്ങളുമായുണ്ടാകുന്ന സംഘട്ടനങ്ങളെ കുറിച്ചും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഹെൽമെറ്റ് വേട്ടയുടെ പേരിൽ നടക്കുന്ന അതിക്രമം അവസാനിപ്പിക്കാൻ കർശന നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly